പാഠം 2 ഒക്ടോബർ 7–13

# വിവാദം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:എബ്രാ. 8:6; മത്താ. 19:17; വെളി. 12:17; ലേവ്യ. 23; അ. പ്ര. 15:1–29; ഗലാ. 1:1–12.**

**മനഃപാഠവാക്യം: "ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു." (യോഹ. 1:7).**

ആദിമകാല സഭ യെഹൂദന്മാരാൽ രൂപീകൃതമായതായിരുന്നു. യേശുക്രിസ്തു എന്ന യെഹൂദ മിശീഹയെ സ്വീകരിക്കുന്നതുമൂലം, അവരുടെ പൂർവ്വ പിതാക്കന്മാരുടെ വിശ്വാസത്തിൽ നിന്നും അവർക്ക് ലഭിച്ച ഉടമ്പടി പ്രകാരമുള്ള വാഗ്ദത്തങ്ങളിൽ നിന്നും അകന്നുപോകുമെന്ന് ഒരു നിമിഷം പോലും അവർ കരുതിയിരുന്നില്ല. കാലത്തിന്റെ പോക്കിൽ അങ്ങനെ സംഭവിച്ചു. ആദ്യ യെഹൂദാവിശ്വാസികളുടെ പ്രശ്നം യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതിന് യെഹൂദാക്രിസ്ത്യാനികളാകണമോ വേണ്ടയോ എന്നുള്ളതായിരുന്നു. അനേകം യെഹൂദന്മാരുടെ സംശയം ഒരു യവനൻ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കണമെങ്കിൽ ആദ്യം അവൻ യെഹൂദനാകേണ്ടതുണ്ടോ എന്നാണ്.

വളരെ നാളുകൾക്കുശേഷം യെരൂശലേം സുന്നഹദോസിലാണ് അതിന് വ്യക്തമായ ഉത്തരം ലഭിച്ചത്. യേശുക്രിസ്തുവിനെ സ്വീകരിക്കുന്ന യവനരെ ചട്ടങ്ങളും ചിട്ടകളും നിയമങ്ങളുംകൊണ്ട് കഷ്ടപ്പെടുത്തുകയില്ല എന്ന് തീരുമാനം എടുത്തിരുന്നു. അതിനാൽ യവനൻ ക്രിസ്തുവിനെ അംഗീകരിക്കുന്നതിലേക്ക് യെഹൂദൻ ആകേണ്ട ആവശ്യം ഇല്ല.

ഇങ്ങനെയൊക്കെ തീരുമാനങ്ങൾ ഉണ്ടായിരുന്നിട്ടും ചില അദ്ധ്യക്ഷന്മാർ തുടർന്നും യവനരിൽനിന്നും മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളായ വിശ്വാസികളെ മോശെയുടെ ന്യായപ്രമാണം അനുസരിക്കുന്നതിന് പ്രേരിപ്പിക്കുകയും പരിച്ഛേദനയ്ക്കായി നിർബന്ധിക്കുകയും ചെയ്തു വന്നിരുന്നു. ഈ യവനർ, ഉഭയസമ്മതപ്രകാരമുള്ള ഉടമ്പടിയുടെ അവകാശികൾ ആകേണ്ടവരാകുന്നതുകൊണ്ട് എല്ലാ നിയമങ്ങളും, ചട്ടങ്ങളും അനുസരിക്കേണ്ടവരാണെന്നും, പെതുവേ യിസ്രായേലിന്റെ നന്മയ്ക്ക് അതാവശ്യമാണെന്നും, അവർ വിശ്വസിക്കുന്നു.

എന്തൊക്കെ ആയിരുന്നു പ്രശ്നങ്ങൾ? അതിനുള്ള പരിഹാരം എങ്ങനെ അവർ കണ്ടെത്തി.

**ഞായർ ഒക്ടോബർ 8**

**മെച്ചപ്പെട്ട ഉടമ്പടി**

**വായിക്കുക: എബ്രാ. 8:6. എന്താണ് ഇവിടത്തെ പ്രത്യേക ദൂത്? ഈ മെച്ചപ്പെട്ട വാഗ്ദത്തങ്ങൾ ഏതൊക്കെയെന്ന് നമ്മൾ എങ്ങനെ മനസ്സിലാക്കും?**

ഒരുപക്ഷേ പഴയനിയമ മതവിശ്വാസങ്ങളും പുതിയനിയമ മതവിശ്വാസങ്ങളും തമ്മിലുള്ള ഏറ്റവും വലിയ അന്തരം, പുതിയനിയമ കാലഘട്ടം ആരംഭിക്കുന്നത് നസ്രേത്ത്കാരനായ യേശുക്രിസ്തു എന്ന മിശീഹായുടെ ജനനത്തോടെ ആണെന്നു ള്ളതാണ്. രക്ഷകനായി, ദൈവത്താൽ അയ്ക്കപ്പെട്ടവനാണ്. അവനെ അവഗണിച്ചു കൊണ്ടുള്ള ഒരു രക്ഷ അസാദ്ധ്യമാണ്. അവന്റെ പ്രായശ്ചിത്വ ബലി മുഖാന്തരം മാത്രമേ പാപക്ഷമ ലഭിക്കുന്നുള്ളൂ. കുറ്റവിമുക്തരായി ദൈവസന്നിധിയിൽ നിൽക്കണ മെങ്കിൽ യേശുവിന്റെ ജീവിതത്തിന്റെ നൈർമല്യം നമുക്കും ഉണ്ടാകണം. ചുരുക്കി പ്പറഞ്ഞാൽ രക്ഷ യേശുക്രിസ്തുവിൽക്കൂടെ മാത്രം. വേറൊരു മാർഗ്ഗവും ഇല്ല.

പഴയനിയമ വിശുദ്ധന്മാർ മശീഹയുടെ ജനനവും, രക്ഷയുടെ വാഗ്ദത്തവും നോക്കിപാർത്തിരുന്നു. പുതിയനിയമ കാലത്ത് ആളുകൾ, ദൈവം മശീഹയായി ഭൂമിയിലേക്ക് അയച്ച നസ്രായനായ യേശുവിനെ രക്ഷകനായി അംഗീകരിക്കണമോ, വേണ്ടയോ എന്ന ചോദ്യത്തെ അഭിമുഖീകരിക്കേണ്ടി വന്നു. അവനിൽ വിശ്വാസം അർപ്പിച്ചാൽ, അവനെ മശീഹായായി അംഗീകരിച്ചാൽ, പൂർണ്ണമായി അവനിൽ ആശ്രയം വെച്ചാൽ, അവൻ ദാനമായി നൽകുന്ന കൃപമൂലം, അവന്റെ നീതി മുഖാ ന്തരം രക്ഷ പ്രാപിക്കും.

**വായിക്കുക: മത്താ. 19:17; വെളി. 12:17; യാക്കോ. 2:10,11, ഈ വേദഭാഗങ്ങൾ പുതിയനിയമത്തിലുള്ള സാന്മാർഗ്ഗിക നിയമങ്ങളെക്കുറിച്ച് എന്തു പറയുന്നു?**

അതേ സമയം ആചാരപരമായ നിയമങ്ങളും സാന്മാർഗ്ഗിയ നിയമങ്ങളും യെഹൂ ദനുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് വ്യക്തമാണ്. അതുപോലെ അത് പഴയ ഉടമ്പടിയുമായി കെട്ടപ്പെട്ടിരിക്കയും ചെയ്യുന്നു. ഈ നിയമങ്ങൾ എല്ലാം യേശുക്രിസ് തുവിനെയും, അവന്റെ ശുശ്രൂഷയെയും അവന്റെ മരണത്തെയും സൂചിപ്പിക്കുന്നു. തന്മൂലം മഹാപുരോഹിതന്റെ ശുശ്രൂഷ അവസാനിച്ചു. പുതിയനിയമങ്ങൾക്ക് തുടക്കമായി. എല്ലാം പുതിയ മെച്ചപ്പെട്ട വാഗ്ദത്തങ്ങളിൽ അതിഷ്ഠിതമായതാണ്.

യെഹൂദമതത്തിൽനിന്നും ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം യെഹൂദനും യവനനും നന്നായി മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യം മനസ്സിൽ വച്ചു കൊണ്ടാണ് പൗലൊസ് റോമാലേഖനം എഴുതിയത്. ഈ രൂപാന്തരത്തിന് കാല താമസം നേരിടും. ക്രിസ്ത്യാനിത്വം സ്വീകരിച്ച അനേകം യെഹൂദന്മാർ, സംഭവിക്കാൻ പോകുന്ന വലിയ മാറ്റത്തെ ഉൾക്കൊള്ളാൻ തയ്യാറായിരുന്നില്ല.

**ഏതൊക്കെയാണ് നിങ്ങളുടെ ഇഷ്ട തിരുവചന വാഗ്ദത്തങ്ങൾ? എപ്പോ ഴൊക്കെ ഈ വാഗ്ദത്തങ്ങൾ നിങ്ങൾ ദൈവത്തോട് ആവശ്യപ്പെടും? ആവശ്യ പ്പെടുന്ന വാഗ്ദത്തങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പൂർത്തീകരിക്കുന്നതിന് തടസ്സമായി നില്ക്കുന്ന എന്ത് തിരഞ്ഞെടുപ്പാണ് നിങ്ങൾ എടുക്കുന്നത്?**

**തിങ്കൾ** **ഒക്ടോബർ 9**

**യെഹൂദാനിയമങ്ങളും അവ പാലിക്കുന്ന രീതി അനുശാസിക്കുന്ന ചട്ടങ്ങളും.**

**സമയം അനുവദിക്കുന്ന പക്ഷം ലേവ്യാ പുസ്തകത്തിലൂടെ ഒരു അവ ലോകനം നടത്തുക. വായിക്കുക ലേവ്യ.12:16,23. ഈ ആചാരങ്ങളും ചട്ടങ്ങളും,**

**നിയമങ്ങളുമെല്ലാം വായിക്കുമ്പോൾ എന്തു ചിന്തകളൊക്കെ നിങ്ങളുടെ മനസ്സിൽക്കൂടെ കടന്നുപോകുന്നു? ഇവയൊക്ക പുതിയനിയമകാലത്ത് അനുസരിക്കാൻ അസാദ്ധ്യമാകുന്നത് എന്തുകൊണ്ട്?**

പഴയനിയമ ചട്ടങ്ങളെ പല വിഭാഗങ്ങളായി തരംതിരിക്കുന്നത് വളരെ സൗകര്യപ്രദമാണ്.

1. സാന്മാർഗ്ഗിക നിയമങ്ങൾ
2. ആചാരാനുഷ്ഠാനങ്ങൾ അടങ്ങിയ നിയമങ്ങൾ
3. സാധാരണ ജനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ
4. എഴുതിയുണ്ടാക്കിയ നിയമങ്ങൾ, കോടതി വിധികൾ,
5. ആരോഗ്യ നിയമങ്ങൾ

ഈ തരംതിരിവ് ഒരർത്ഥത്തിൽ കൃത്രിമമാണ്. യഥാർത്ഥത്തിൽ ഈ വിഭാഗങ്ങൾ എല്ലാംതന്നെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മാത്രമല്ല തമ്മിൽ ഗണ്യമായ മാറ്റമില്ല. പഴയകാല വിശ്വാസികൾ വ്യത്യസ്തമായി അവയെ കണ്ടിരുന്നില്ല. എന്നുവെച്ചാൽ വ്യക്തമായി വേർപെടുത്തി കണ്ടിരുന്നില്ല.

സാന്മാർഗ്ഗിക അല്ലെങ്കിൽ ധാർമ്മിക നിയമങ്ങൾ ആണ് പുറപ്പാട് 20:1–17 വരെയുള്ള വേദഭാഗങ്ങൾ. ഈ നിയമങ്ങൾ എല്ലാംകൂടി ഒന്നിച്ചുചേർത്താൽ മനുഷ്യർക്കുള്ള ധാർമ്മിക നിയമങ്ങൾ ആകും. ഈ പത്തു കല്പനകൾ വിപുലീകരിച്ച് വിവിധ ചട്ടങ്ങളിലും, വിധികളിലും ആക്കി വേദപുസ്തകത്തിലെ ആദ്യ അഞ്ചു പുസ്തകങ്ങളിലുടനീളം ഉൾക്കൊള്ളിച്ചിരിക്കുന്നു. വിവിധ സാഹചര്യങ്ങളിൽ കൃത്യമായി അനുസരിക്കേണ്ടതിനായിട്ടാണ് അവ വിപുലീകരിച്ചിരിക്കുന്നത്. സിവിൽ നിയമങ്ങൾ ഒട്ടും അന്യമല്ല. സിവിൽ നിയമങ്ങളും അടിസ്ഥാനപരമായി ധാർമ്മിക നിയമങ്ങളാൽ അതിഷ്ഠിതമാണ്. ഈ നിയമങ്ങൾ ഒരു പൗരന്റെ സിവിൽ അധികാരികളോടുള്ള ബന്ധവും സഹപൗരനോടുള്ള ബന്ധവും നിർവചിക്കുന്നതാണ്. നിയമലംഘനം ഉണ്ടായാൽ അതിനുള്ള ശിക്ഷയും വിധിക്കുന്നു.

അചാരപരമായ നിയമങ്ങൾ ദൈവാലയത്തിലെ ആചാരനുഷ്ഠാടനങ്ങളെ നിയന്ത്രിക്കുന്നു. വിവിധതരം വഴിപാടുകളും, ഓരോ പൗരനുമുള്ള ഉത്തരവാദിത്തങ്ങളും, കടമകളും ഇതിൽ വിവരിക്കുന്നു. ഉത്സവദിവസങ്ങളും അതിന്റെ അനുഷ്ഠാന രീതികളുമൊക്കെ നന്നായി വിവരിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യനിയമങ്ങൾ മറ്റു നിയമങ്ങളുമായി കൂട്ടിയിണക്കിയിരിക്കുന്നു. അശുദ്ധിയെ സംബന്ധിച്ചുള്ള നിയമങ്ങൾ വിശദീകരിച്ചിരിക്കുന്നത് ആചാരപരമായ നിയമങ്ങളിൽ ആണ്. നാം ഒരു പടികൂടി മുന്നോട്ടുപോയി വൃത്തിയും വെടിപ്പും ഉള്ളവരായി ജീവിക്കുക എന്നത് നിർബന്ധം ആണ്. ശുദ്ധിയുള്ള മൃഗങ്ങളുടെ മാംസവും അശുദ്ധിയുള്ള മൃഗങ്ങളുടെ മാംസവും നമ്മുടെ മുമ്പിൽ എത്തുമ്പോൾ തികച്ചും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ശാരീരിക ക്ഷമതയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ആരോഗ്യനിയമങ്ങളാണ് പാലിക്കേണ്ടത്.

സാധാരണ ഗതിയിൽ ഈ നിയമങ്ങളും അതിന്റെ അനുഷ്ഠാനങ്ങളുമൊക്കെ ഒരു യെഹൂദന്റെ സ്മൃതിപഥത്തിൽ വരുമ്പോൾ, പ്രത്യേകിച്ച് ഇതെല്ലാം ദൈവ ത്തിൽ നിന്നും ഉള്ളതാണെന്ന് കരുതുമ്പോൾ, അവനോ, അവളോ മാനസികമായി ആ ആചാരങ്ങളുടെ സവിശേഷതയെ വിലയിരുത്തുന്നു. അതിന്റെ വൈശിഷ്ട്യത്തെ ബഹുമാനിക്കയും ചെയ്യുന്നു. പത്തുകല്പനകൾ മനുഷ്യർക്ക് ദൈവം നേരിട്ട് കൊടു ത്തതാണ്. അത് അങ്ങനെതന്നെ ഗൗരവത്തോടെ പാലിക്കപ്പെടേണ്ടതുമാണ്. മറ്റു നിയമങ്ങളും ചട്ടങ്ങളുമെല്ലാം മോശെ മുഖാന്തരം കൈമാറിയിട്ടുള്ളതുമാണ്. ദൈവാ ലയ ആചാരാനുഷ്ഠാനങ്ങൾ എല്ലാംതന്നെ, ദൈവാലയ ആചാരങ്ങൾ പ്രവർത്തന പഥത്തിൽ, ഉള്ളിടത്തോളം കാലം മാത്രമേ നില്നില്ക്കുന്നുള്ളൂ.

സാധരണ ആളുകൾക്കായിട്ടുള്ള സിവിൽ നിയമങ്ങൾ, ഭൂരിഭാഗം ഭൂപ്രദേശങ്ങ ളിലും നിർബന്ധപൂർവ്വം പൗരന്റെ മേൽ അടിച്ചേല്പിക്കാൻ സാദ്ധ്യമല്ലാതായി ത്തീർന്നു. കാരണം യെഹൂദൻ അവന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയും അവൻ മറ്റു രാജ്യങ്ങളുടെ ഭരണത്തിൻ കീഴിൽ ആകുകയും ചെയ്തു. യെരൂശലേം ദേവാല യത്തിന്റെ നാശത്തോടെ മിക്കവാറും എല്ലാ ആചാരാനുഷ്ഠാന നിയമങ്ങളും പാലി ക്കാൻ കഴിയാതെപോകുകയും ചെയ്തു. മശീഹയുടെ വരവോടെ നിഴലായ ആചാര ങ്ങളുടെ പ്രസക്തി നഷ്ടപ്പെടുകയും അതിന്റെ സ്ഥാനം യേശുക്രിസ്തു ഏറ്റെടുക്കു കയും ചെയ്തു.

**ചൊവ്വ** **ഒക്ടോബർ 10**

**മോശൈക ആചാരങ്ങൾ**

**വായിക്കുക: അ. പ്ര. 15:1. ഏതൊക്കെ വിഷയങ്ങളാണ് അഭിപ്രായ വ്യത്യാ സങ്ങളിലേക്ക് നയിച്ചത്? യെഹൂദാസാമ്രാജ്യത്തിന് ഇതു ചേരുന്നതല്ല എന്നു വിശ്വാസിക്കാൻ കാരണമെന്ത്? കാണുക. ഉല്പ. 17:10.**

ആത്മനേട്ട വേലയുടെ ഭാഗമായി അപ്പൊസ്തലന്മാരും, സുവിശേഷഘോഷ ണത്തിൽ ഏർപ്പെട്ടിരുന്നവരും, അയ്മേനികളും അന്ത്യൊക്ക്യയിൽ ഒത്തുകൂടി. യെഹൂദയിലുള്ള ജൂദ വിശ്വാസികൾ പ്രത്യേകിച്ച് പരീശന്മാർ വിശ്വാസപ്രമാണങ്ങളു മായി ബന്ധപ്പെട്ട് പല ചോദ്യങ്ങൾ ഉന്നയിച്ചു. ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾ വളരെ വേഗം വിവാദങ്ങളിലേക്ക് എത്തുകയും ചെയ്തു. തന്മൂലം സഭയിൽ അസമാധാനവും അസന്തുഷ്ടിയും ഉണ്ടായി. ഈ സംഭവം വിശ്വാസികളായ യവനരുടെ ഇടയിൽ പരിഭ്രാന്തി സൃഷ്ടിച്ചു. രക്ഷയിലേക്ക് കടന്നുവരുന്ന യവനർ പരിച്ഛേദന തുടങ്ങിയ, എല്ലാ ആചാരാനുഷ്ഠാന നിയമങ്ങളും പാലിക്കണമെന്ന്, യെഹൂദാമതാദ്ധ്യാപകർ വർദ്ധിച്ച വിര്യത്തോടെ നിഷ്കർഷിച്ചു. യെഹൂദാമേലദ്ധ്യക്ഷന്മാർ ദൈവം അവരെ ഏല്പിച്ച ദൈവിക ദൗത്യത്തിൽ അഭിമാനം കൊള്ളുകയും അതിലുപരി അഹങ്കരി ക്കുകയും ചെയ്തിരുന്നു. ക്രിസ്തീയ വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ട്, കടന്നു വന്ന ഭൂരിപക്ഷം യെഹൂദരും പ്രത്യേകതരം ചിന്തകൾ വച്ചു പുലർത്തിയിരുന്നു. ദൈവം ഒരിക്കൽ നിഷ്കർഷിച്ചിരുന്ന യഹൂദാചാരപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്ക്, ഒരിക്കൽപ്പോലും ഒരു മാറ്റവും സംഭവിക്കയില്ല എന്നവർ വിശ്വസിച്ചിരുന്നു. അതു കൊണ്ട് ക്രിസ്തീയ രീതിയിലുള്ള ആരാധന ക്രമത്തിനൊപ്പം യെഹൂദാവിധി പ്രകാര

മുള്ള ആചാരാനുഷ്ഠാനങ്ങളും ആരാധനയിൽ സംയോജിപ്പിക്കണമെന്നുള്ള ചിന്താഗതി അവർ പുലർത്തിയിരുന്നു. അവർ, വളരെ മെല്ലെ മാത്രമേ കാര്യങ്ങൾ തിരിച്ചറിഞ്ഞിരുന്നുള്ളൂ. യാഗാർപ്പണം യേശുക്രിസ്തുവിന്റെ മരണത്തിന്റെ മുന്നോടി ആയിരുന്നു. യേശുവിന്റെ മരണം, എല്ലാ ആചാരാനുഷ്ഠാന കർമ്മങ്ങളും, മോശെയിൽക്കൂടി ലഭിച്ച ദൈവകല്പിതമായ ആചാരങ്ങളും ഇനിയും ഒരിക്കലും ആവശ്യമില്ലാത്തതാക്കിത്തീർത്തു.

**വായിക്കുക: അ. പ്ര. 15:2-12. ഈ വിവാദങ്ങൾ എങ്ങനെ പരിഹരിച്ചു?**

"പ്രശ്നപരിഹാരത്തിന് പൗലൊസ് ദൈവത്തിൽനിന്നും നേരിട്ട് സഹായം തേടി. അതേ സമയം വിശ്വാസികളുടെ കൂട്ടായ്മയിൽ നിക്ഷിപ്തമായ അധികാരത്തെ മാനിക്കുകയും ചെയ്തു. വിശ്വാസികൾക്ക് ഉപദേശം ആവശ്യമുണ്ടെന്ന് പൗലൊസിന് ബോദ്ധ്യം വന്നു. ഇതുപോലെ അലട്ടുന്ന പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ പൗലൊസ് വിശ്വാസികളെ വിളിച്ചുകൂട്ടി സഭയിൽ അറിയിക്കുകയും അവർ ഒന്നിച്ച് ദൈവസന്നിധിയിൽ ദൈവത്തോട് സ്വർഗ്ഗീയ ജ്ഞാനത്തിനായി അപേക്ഷിക്കുകയും ചെയ്യും. അങ്ങനെ അവർ ശരിയായ തീരുമാനത്തിൽ എത്തിച്ചേരും" EGW, The Acts of Apostles, P. 200.

പൗലൊസ് തന്റെ സ്വർഗ്ഗീയ വിളിയെക്കുറിച്ചും തന്നെ ദൈവം ഏല്പിച്ച ദൗത്യത്തെക്കുറിച്ചും തന്റെ സഹവിശ്വാസികളോട് വിവരിച്ച് പറഞ്ഞു കൊടുത്തു. വിളി എന്താണെങ്കിലും ദൈവവേലയുടെ ഭാഗമാണെന്ന് താൻ വിശ്വസിക്കുന്നു. എത്ര വേല ചെയ്യാൻ കഴിയുമോ അത്രയും ചെയ്യാൻ പൗലൊസ് ഒരുക്കമാണ്.

**സഭാ നേതൃത്വത്തെക്കുറിച്ച് നിങ്ങളുടെ മനോഭാവം എന്താണ്? നിങ്ങൾ എത്രമാത്രം സഹകരണ മനോഭാവം ഉള്ള ആളാണ്? സ്വതന്ത്രമായി എന്ന് കരുതി എല്ലാവരും അവരവർക്ക് ഇഷ്ടമുള്ളത് ചെയ്താൽ എങ്ങനെയായിരിക്കും?**

**ബുധൻ** **ഒക്ടോബർ 11**

**യവന വിശ്വാസികൾ**

**വായിക്കുക: അ. പ്ര. 15:5-25; എന്തു തീരുമാനമാണ് കൗൺസിൽ എടുത്തത്. എന്താണ് അവരുടെ അഭിപ്രായം?**

'സുന്നാഹദ്രോസിന്റെ തീരുമാനം വഴക്കാളികളായ യെഹൂദാമതനേതാക്കന്മാരുടെ പ്രതിപ്രവർത്തനത്തിന് എതിരായിരുന്നു. മാനസാന്തരപ്പെട്ട യെഹൂദരല്ലാത്തവർ പരിച്ഛേദന എൽക്കണമെന്നും, എല്ലാ ആചാരാനുഷ്ഠാനങ്ങളിലും പങ്കുചേരണമെന്നും യെഹൂദാപ്രമാണികൾ ശക്തമായി നിഷ്കർഷിച്ചു. അതുപോലെ തന്നെ ആരാധന എല്ലാ ആചാരാനുഷ്ഠാനങ്ങളോടുകൂടിത്തന്നെ ആകണമെന്ന് ശാഠ്യം പിടിക്കുകയും ചെയ്തു." EGW, The Acts of Apostles, P. 189.

അ. പ്ര. 15:10 ൽ പഴയനിയമങ്ങളെ ഒരു നുകം എന്നും അത് വഹിപ്പാൻ വൈഷമ്യമുള്ളതുമാണെന്ന എഴുത്ത് അത്യന്തം ഗൗരവകരമായി കാണേണ്ടതാണ്. ഈ നിയമങ്ങൾ അനുസരിച്ച്, ദൈവം തന്റെ മക്കളുടെമേൽ അവർക്ക് വഹിപ്പാൻ കഴിയാത്ത നുകം വെച്ചുകൊടുക്കുമോ? ഒരിക്കലുമില്ല. മാത്രമല്ല, കാലത്തിന്റെ പോക്കിൽ ചില

മതനേതാക്കന്മാർ, അനുഗ്രഹമായി ദൈവം കൊടുത്ത നിയമങ്ങൾ, പാരമ്പര്യത്തിന്റെ പേരും പറഞ്ഞ് വലിയ ഭാരമാക്കിമാറ്റി. സുന്നഹദോസിന്റെ തീരുമാനം അനുസരിച്ച് യവനരെ അതിൽനിന്നും വിടുതലുള്ളവരാക്കിത്തീർത്തു. ശ്രദ്ധിക്കുക പത്തുകല്പന അനുസരിക്കുന്നതിൽനിന്നും യവനരെ മാറ്റി നിർത്തിയതായി എവിടെയും രേഖയില്ല. ഒരു കല്പനയും അലക്ഷ്യമായി കരുതാൻ പാടില്ല.

**ഏതു നിയമങ്ങളാണ് യെഹൂദരല്ലാത്ത ക്രിസ്ത്യാനികളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്? എന്തുകൊണ്ടാണ് ഈ പ്രത്യേക നിയമങ്ങൾ അവരുടെമേൽ ചുമത്തിയിരിക്കുന്നത്? (അ.പ്ര. 15:20). "പരസംഗം, ശ്വാസംമുട്ടി ചത്തത്, രക്തം എന്നിവ വർജ്ജിച്ചിരിപ്പാൻ നാം അവർക്ക് എഴുതേണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു."**

യെഹൂദാവിശ്വാസികൾ അവരുടെ നിയമങ്ങളും ചട്ടങ്ങളും പാരമ്പര്യങ്ങളും യെഹൂദരല്ലാത്ത ക്രിസ്ത്യാനികളുടെമേൽ അടിച്ചേൽപ്പിക്കുന്നതിൽ കൗൺസിലിന്റെ വിലക്ക് ഉണ്ട്. അതേ സമയം യവനർ യേശുക്രിസ്തുവിനോട് ചേർന്ന യെഹൂദന്മാർക്ക് തുടർച്ച വരുത്തുന്ന ഒരു സംഗതിയും ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്തു. യവന വിശ്വാസികൾ ശബ്ബതാർപ്പിതങ്ങൾ ഭക്ഷിക്കുന്നതിൽ, പ്രത്യേകിച്ച്, വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം ഭക്ഷിക്കുന്നതിൽ, ലേഖനം മുഖേന ബോധവൽകരിക്കുകയും, വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. അവിഹിത ബന്ധത്തിൽ ഏർപ്പെടുന്നത് നിരോധിച്ചു. കഴുത്ത് ഞെരിച്ചുകൊന്ന, രക്തം വാർന്നുപോകാത്ത മാംസം ഭക്ഷിക്കുന്നതിനും നിരോധനം ഏർപ്പെടുത്തി. ശബ്ബത്ത് ആരാധനയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടില്ല എന്ന് ചിലർ വാദിക്കുന്നു. എന്നാൽ കുല ചെയ്യുന്നതിനെപ്പറ്റിയും, കള്ളം, വ്യഭിചാരം തുടങ്ങിയ കല്പനകളെപ്പറ്റിയും പ്രത്യേക പരാമർശം ഇല്ലാത്തതിനാൽ ആ ആരോപണങ്ങൾക്ക് കഴമ്പില്ല.

**ദൈവവിശ്വാസീയമല്ലാത്ത നിയമങ്ങളും, പാരമ്പര്യാചാരങ്ങളും മറ്റു വിശ്വാസികളുടെ വിശ്വാസ ജീവിതത്തെ ഭാരമാക്കി മാറ്റുന്നത് ശരിയാണോ? അങ്ങനെയെങ്കിൽ നിങ്ങളുടെ അഭിപ്രായങ്ങൾ ക്ലാസിൽ കൊണ്ട്വന്ന് ചർച്ച ചെയ്യുക.**

**വ്യാഴം** **ഒക്ടോബർ 12**

**പൗലൊസും ഗലാത്യരും**

ഉപദേശങ്ങൾ എത്ര സുതാര്യമായിരുന്നാലും എത്ര ഉത്തരവാദിത്തപരമായിരുന്നാലും ചില ആളുകൾ, അവരുടെ ഇഷ്ടത്തിന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് സഹജമാണ്. അങ്ങനെയുള്ളവർ യെഹൂദന്മാരല്ലാത്ത ക്രിസ്ത്യാനികളെ, യെഹൂദാചാരമര്യാദകൾ പാലിക്കണമെന്ന് നിർബന്ധിച്ചു. പൗലൊസിനെ സംബന്ധിച്ചിടത്തോളം ഇതൊരു ഗൗരവമേറിയ വിഷയമായിത്തീർന്നു. ഒരു നിസ്സാരകാര്യമായി തള്ളിക്കളയാൻ പൗലൊസ് ഒരുക്കമായിരുന്നില്ല. അമൂല്യ വിശ്വാസത്തിന്റെ നേരേയുള്ള ഒരു കടന്നുകയറ്റവും, സുവിശേഷം നിഷേധിക്കലുമാണത്.

**വായിക്കുക:** ഗലാ.1:1-12. ഗലാത്യ സഭയിൽ ഉണ്ടായ സംവാദത്തിൽ ഈ വിഷയം എത്രമാത്രം ഗൗരവമുള്ളതായി പൗലൊസ് കണ്ടു?

മുൻപേ പറഞ്ഞ പ്രകാരം, ഗലാത്യസഭയിലുണ്ടായ പ്രത്യേക സാഹചര്യം മാണ് റോമാലേഖനത്തിലെ ഉള്ളടക്കം ഇപ്രകാരം ആകാൻ പ്രേരണയായത്. റോമാ ലേഖനത്തിൽ ഗലാത്യ എഴുത്തുകളിൽ അടങ്ങിയിരുന്ന പ്രതിപാദ്യ വിഷയങ്ങൾ കൂടുതലായി വികസിപ്പിച്ച് എഴുതി. മോശെയിൽക്കൂടെ ദൈവം കൊടുത്ത കല്പനകൾ വളരെയധികം പ്രാധാന്യമുള്ളതും അത് എല്ലാ യവന വിശ്വാസികളും അനുസരിക്കു കയും വേണമെന്ന് ചില യെഹൂദാ വിശ്വാസികൾ ശാഠ്യം പിടിച്ചു. എന്നാൽ പൗലൊസ് ആ നിയമങ്ങളുടെ സ്ഥാനവും, സാദ്ധ്യതകളും അവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. ഗലാത്യയിൽ സംഭവിച്ചതുപോലെ റോമയിൽ അങ്ങനെയുള്ള ചിന്തകൾക്കും വിശ്വാസങ്ങൾക്കും കാലുറയ്ക്കാൻ ഇടം ഉണ്ടാകരുതെന്ന് പൗലൊസ് തീരുമാനിച്ചു.

ആചാരാനുഷ്ഠാന ന്യായപ്രമാണത്തെക്കുറിച്ചാണോ, അതോ, സാന്മാർഗ്ഗിക ന്യായപ്രമാണത്തെക്കുറിച്ചാണോ പൗലൊസ് ഗലാത്യ ലേഖനത്തിലും റോമാ ലേഖനത്തിലും ചർച്ച ചെയ്യുന്നതെന്നുള്ള ചോദ്യംതന്നെ അസ്ഥാനത്താണ്. ചരിത്ര പരമായി ഇവിടത്തെ ചർച്ചാവിഷയം, ജാതികളിൽ നിന്നും മാനസാന്തരപ്പെട്ടു വന്ന ക്രിസ്തീയ വിശ്വാസികൾ പരിച്ഛേദന ഏൽക്കുകയും മോശെയുടെ ന്യായപ്രമാണം അനുസരിക്കുകയും ചെയ്യണമോ വേണ്ടയോ എന്നതാണ്. യെരൂശലേം കൗൺസിൽ ഈ പ്രശ്നത്തിന് അസന്നിഗ്ദ്ധമായ ഒരു പരിഹാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില യെഹൂദന്മാർ ആ തീരുമാനം അനുസരിക്കാൻ വിസമ്മതിച്ചു.

ഗലാത്യാ ലേഖനങ്ങളിൽ നിന്നും ചിലർ മനസ്സിലാക്കിയിരിക്കുന്നത്, സാന്മാർഗ്ഗിക നിയമങ്ങൾ, എന്നുവച്ചാൽ, (യഥാർത്ഥത്തിൽ നാലാം കല്പന) ഇനിയും അനുസരി ക്കേണ്ട ബാദ്ധ്യതയില്ല എന്നാണ്. എന്നാൽ അവർക്ക്, ലേഖനത്തിന്റെ അന്തസത്ത നഷ്ടമായി. ആ ലേഖനത്തിന്റെ ചരിത്ര പശ്ചാത്തലം അവർക്ക് കൈമോശം വന്നു. പൗലൊസ് വിഭാവനം ചെയ്തത് അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. മോശൈക ന്യായപ്രമാണങ്ങളോ സാന്മാർഗ്ഗിക കല്പനകളോ അനുസരിച്ച് രക്ഷയിലേക്ക് ആയിത്തീരാൻ സാദ്ധ്യമല്ല. രക്ഷ ദൈവത്തിന്റെ ദാനമാണ്. അത് ദൈവത്തിന്റെ കൃപയാണ്.

"രക്ഷ വിശ്വാസത്തിലൂടെ മാത്രം" എന്ന മഹത്സത്യത്തിന് ശക്തമായ ഊന്നൽ കൊടുത്തുകൊണ്ടാണ് പൗലോസ് തന്റെ ലേഖനം എഴുതിയത്. അതിന്റെ അർത്ഥം സാന്മാർഗ്ഗിക കല്പനകൾ അനുസരിക്കേണ്ടതില്ല എന്നല്ല. പത്തു കല്പ നാനുസരണം ഒരിക്കൽപ്പോലും ഒരു തർക്കവിഷയമായിരുന്നില്ല. അഥവാ ആർക്കെ ങ്കിലും അതൊരു വിഷയം ആയിരുന്നെങ്കിൽ ഏതെങ്കിലും സമകാലികമായ പൗലൊസ് കൈകാര്യം ചെയ്യാത്ത തർക്ക വിഷയം ആയിരിക്കും.

**ക്രിസ്ത്യാനികൾ പുതിയനിയമ കാലത്ത് ശബ്ബത്ത് അനുസരിക്കേണ്ട ആവശ്യം ഇല്ല എന്നാരെങ്കിലും പറഞ്ഞാൽ എന്താണ് നിങ്ങളുടെ പ്രതികരണം? സുവിശേഷ ത്തിന്റെ സത്യസന്ധതയും, ആർജ്ജവവും നഷ്ടപ്പെടാതെ എങ്ങനെ ശബ്ബത്ത് സത്യം മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കാൻ കഴിയും?**

**കൂടുതൽ ചിന്ത വായിക്കുക:** EGW, "Jew and Gentile", PP. 188-192,194-197; "Apostasy in Galatia" PP 383-388, in The Acts of Apostles; "The Law Given to Israel", PP. 310-312, The Law and the Covenants PP. 370-373; in Patriarchs and Prophets; "The Chosen People" PP. 27-30; in The Desire of Ages.

നമ്മുടെ സഭ വിവാദങ്ങളിൽക്കൂടെയും, വിഭാഗീയതയിൽക്കൂടെയും കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു എന്നതിന് യാതൊരു സംശയവും ഇല്ല. ഇതൊരു പുതിയ കാര്യമല്ല. പിശാച് എന്നും സഭയോട് യുദ്ധത്തിലാണ്. ആദ്യനൂറ്റാണ്ടിൽത്തന്നെ ക്രിസ്തീയ സഭയിൽ വിശ്വാസികളുടെ ഇടയിൽ വിവാദങ്ങളും, വിഭാഗീയതകളും ഉടലെടുത്തിരുന്നു. അവിടെ നിലനിന്നിരുന്ന ഒരു തർക്കം തക്കസമയത്തുതന്നെ പരിഹരിച്ചില്ലായിരുന്നുവെങ്കിൽ ക്രിസ്തീയസഭ അതിന്റെ ശൈശവത്തിൽത്തന്നെ നശിപ്പിക്കപ്പെട്ടുപോയേനേ.

യെരൂശലേമിലെ വിശ്വാസികളുടെ ഇടയിൽനിന്നും ഉയർന്നുവന്ന വ്യാജോപദേശകരുടെ സ്വാധീനത്തിൽ, കക്ഷിചേരൽ മതനിന്ദ അംഗീകൃത വിശ്വാസത്തിന് വിപരീതമായ പഠിപ്പിക്കലുകൾ ലൈംഗികാസക്തി ഈ വക ദുഷ്കാര്യങ്ങൾ വളരെ വേഗത്തിൽ ഗലാത്യാ സഭകളിലും സ്ഥാനം പിടിച്ചു. ഈ വ്യാജോപദേശകർ യെഹൂദാ പാരമ്പര്യാചാരങ്ങളും, സുവിശേഷ സത്യങ്ങളുമായി കൂട്ടിക്കുഴച്ച് വികൃതമാക്കി. യെരൂശലേം സുന്നഹദോസിലെ തീരുമാനങ്ങൾ അവഗണിച്ചിട്ട് യവനക്രിസ്ത്യാനികളെ ആചാരാനുഷ്ഠാന നിയമങ്ങൾ ആചരിക്ക ണമെന്ന് നിർബന്ധിച്ചു തുടങ്ങി.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:-**

1. ക്ലാസിൽ ചർച്ച ചെയ്യുക. ഏതൊക്കെ രീതിയിൽ, നിങ്ങളോ, നിങ്ങളുടെ പ്രാദേശിക സഭയോ കൂട്ടുവിശ്വാസികളുടെമേൽ വിശ്വാസസംബന്ധമായ അനാവശ്യഭാരം ഉണ്ടാക്കിക്കൊടുക്കുന്നത്? അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്നത് നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു? നമ്മുടെ പോക്ക് അപകട നിലയിലേക്കാണോ? നമ്മുടെ ജീവിതരീതിയിലും, ജീവിതനിലവാരത്തിലും വളരെ അയഞ്ഞ നിലപാട് നമ്മൾ സ്വീകരിക്കുമ്പോൾ, ദൈവവിളിക്ക് അനുയോജ്യമായ രീതിയിൽ നമ്മുടെ ജീവിതത്തെ പ്രതിഫലിപ്പിക്കാൻ നമുക്ക് കഴിയുമോ?

2. പത്തു കല്പനകൾ ഇപ്പോഴത്തെ ക്രിസ്തീയ വിശ്വാസികൾക്ക് രക്ഷയ്ക്ക് ആവശ്യമില്ല എന്ന ചിന്തയ്ക്ക് അവർ നിരത്തുന്ന വാദങ്ങൾ എന്തൊക്കെയാണ്? അത്തരം അവകാശങ്ങൾക്ക് നാം എന്തുത്തരം കൊടുക്കും? ഈ വാദങ്ങൾ തെറ്റാണോ? ഈ വാദമുഖങ്ങൾ ഉയർത്തുന്നവർ അതനുസരിച്ച് ജീവിക്കാത്തത് എന്തുകൊണ്ടാണ്?

3. വീണ്ടും വായിക്കുക: ഗലാ. 1:1 – 12. തീവ്രവികാരാവേശത്തോട് സുവിശേഷീകരിക്കുന്നതിനുള്ള തന്റെ അടങ്ങാത്ത ആഗ്രഹം പൗലൊസിൽ നാം കാണുന്നു. ഒരിക്കൽപ്പോലും, തെറ്റിനോട് അനുരഞ്ജന ഭാവം പൗലൊസ് കാണിക്കുന്നില്ല. പ്രത്യേകിച്ച് അറിവ് ആപേക്ഷികത്വം എന്ന് വിശ്വസിക്കുന്ന വ്യത്യസ്ത വംശ

ങ്ങൾ ഒന്നിച്ച് പാർക്കുന്ന ഇന്നത്തെ കാലത്ത്, സുവിശേഷത്തോടും വിശ്വാസ സത്യത്തോടും നമ്മുടെ നിലപാട് അചഞ്ചലമായിരിക്കണം. ഈ നിലപാടിനോട് നമ്മുടെ മനോഭാവം എന്താണ്? ചില പഠിപ്പിക്കലുകളോട് നമുക്ക് യോജിക്കാൻ കഴിയാത്തത് എന്തുകൊണ്ട്?

4. പ്രൊട്ടസ്റ്റന്റ് നവോത്ഥാനം ഉടലെടുക്കാനുള്ള കാരണങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക. ഏത് അടിസ്ഥാന അഭിപ്രായ വത്യത്യാസങ്ങളാണ് പരിഹരിക്കാൻ കഴിയാത്തത്?

ഇ ഇ ഇ ഇ